# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 462** **02-12-2014 ലെ മറുപടിയ്ക്ക്**

## നികുതി കുടിശ്ശിക

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മാത്യു റ്റി. തോമസ്**<br>**ശ്രീ. ജോസ് തെറ്റയിൽ**<br>**ശ്രീമതി. ജമീല പ്രകാശം**<br>**ശ്രീ. സി.കെ. നാണു** | | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| എ) | സംസ്ഥാനത്ത് പിരിഞ്ഞുകിട്ടുവാനുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ എന്തെങ്കിലും ഊർജ്ജിത ശ്രമം നടത്തുന്നുണ്ടോ ; | എ) | സംസ്ഥാനത്ത് പിരിഞ്ഞുകിട്ടുവാനുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വിവിധ വകുപ്പുകളിലായി ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നുണ്ട്. നികുതി കുടിശ്ശിക, റവന്യൂ റിക്കവറി നടപടികളിലൂടെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് 23-9-2014-ൽ ജില്ലാ കളക്ടർമാരുമായി ഒരു വീഡിയോ കോൺഫറൻസ് നടത്തി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറികളുടെ പുരോഗതി 13-10-2014 – ൽ നടന്ന കളക്ടേഴ്സ് കോൺഫറൻസിൽ ചർച്ച ചെയ്യുകയും സമയ ബന്ധിത നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിൽ, KGST പീരീഡിലെ കുടിശ്ശിക നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ആംനസ്റ്റി സ്കീമിന്റെ കാലാവധി 2014 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമല്ലാത്ത എല്ലാ സർക്കാർ സ്റ്റേ ഉത്തരവുകളും പിൻവലിച്ചു. ഹൈക്കോടതിയിൽ നിലവിൽ സ്റ്റേയുള്ള കേസ്സുകളിൽ അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ട് അടിയന്തിരമായി തീർപ്പ് കൽപിച്ച് നികുതി പിരിച്ചെടുക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. ഇതിനുപുറമെ ഡെപ്യൂട്ടി കമ്മീഷണർ (അപ്പിൽ), ട്രിബ്യൂണൽ എന്നിവയിൽ സ്റ്റേയിലുള്ള കേസ്സുകളും അടിയന്തിരമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുടിശ്ശിക അസസ്മെന്റുകൾ സമയബന്ധിതമായി |

പൂർത്തീകരിക്കുന്നതിനും റിട്ടേൺ സ്കൂട്ടിനിയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് അസിസ്റ്റന്റ് കമ്മീഷണർമാർ മുഖാന്തിരമുള്ള കുടിശ്ശിക നികുതി പിരിവ് ഊർജ്ജിതമാക്കുവാനുദ്ദേശിച്ച്, ടാർജറ്റ് നിശ്ചയിച്ച് നൽകുകയും അതിന്റെ പുരോഗതി എല്ലാ മാസവും അവലോകനം നടത്തുകയും ചെയ്യുന്നു.

എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കുടിശ്ശിക പിരിവ് നടപടികൾ ഊർജ്ജിതപ്പെടുത്തുന്ന തിനായി എല്ലാ ജില്ലാ കളക്ടർമാർക്കും ഡെപ്യൂട്ടി കമ്മീഷണർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിശ്ശിക പിരിവ് നടപടികൾ ഊർജ്ജിതപ്പെടുത്തുന്ന തിനായി സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

മോട്ടോർ വാഹന വകുപ്പിൽ കെ.എസ്.ആർ.ടി.സി ഒഴികെയുള്ള കുടിശ്ശിക ഭൂരിഭാഗവും ബുക്ക് അരിയർ ആണ്. ഇത് കുറയ്ക്കുന്നതിനായി ഒരു തീവ്രയത്ന കുടിശ്ശിക നിവാരണമാസം (1-08-2014 – 31-08-2014) നടത്തിയിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ബി)** പിരിഞ്ഞു കിട്ടുവാനുള്ള നികുതി കുടിശ്ശിക നികുതി വകുപ്പ് കണക്കാക്കിയിട്ടുള്ളത് എത്ര കോടി രൂപയാണ്;

**ബി)** വാണിജ്യ നികുതി വകുപ്പിൽ പിരിഞ്ഞുകിട്ടുവാനുള്ള നികുതി കുടിശ്ശിക 31-03-2014 വരെ കണക്കാക്കിയിട്ടുള്ളത് 6565.84 കോടി രൂപയാണ്. രജിസ്ട്രേഷൻ വകുപ്പിൽ 2014 ഒക്ടോബർ മാസം വരെ 176.37 കോടി രൂപ പിരിഞ്ഞുകിട്ടുവാനുണ്ട്.
മോട്ടോർ വാഹന വകുപ്പിൽ (കെ.എസ്.ആർ.ടി.സി-യിൽ നിന്ന് പിരിഞ്ഞുകിട്ടുവാനുള്ളത് ഉൾപ്പെടെ) 818.53 കോടി രൂപ പിരിഞ്ഞുകിട്ടുവാനുണ്ട്.
എക്സൈസ് വകുപ്പിൽ 31-10-2014-ലെ കണക്കനുസരിച്ച് ആകെ 235,15,94,083 രൂപ അബ്കാരി കുടിശ്ശികയായി നിലനിൽക്കുന്നുണ്ട്.

| | |
|---|---|
| **സി)** നികുതി വകുപ്പും സി.എ.ജി. യും വ്യത്യസ്ത തരത്തിൽ നികുതി കുടിശ്ശിക തിട്ടപ്പെടുത്തിയതിന്റെ സാഹചര്യം എന്തെന്ന് വിശദമാക്കാമോ; | **സി)** കോട്ടയം, മട്ടാഞ്ചേരി, കോഴിക്കോട് എന്നിവിടങ്ങളിൽനിന്നും വാണിജ്യ നികുതി കുടിശ്ശികയുടെ വിവരം റിപ്പോർട്ട് ചെയ്തതിൽ വന്ന തെറ്റുകളും ആധാരത്തിൽ വില കുറച്ചുവച്ചതിന്റെ പേരിൽ രജിസ്ട്രേഷൻ വകുപ്പിലെ ഒരു രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ ടിയാന്റെ അനുമാനപ്രകാരം അണ്ടർ വാല്യുവേഷൻ നടപടികൾക്ക് പരിഗണിക്കേണ്ടതിന് റിപ്പോർട്ട് ചെയ്ത തുകയും കൂടി (ജില്ലാ രജിസ്ട്രാർ അന്തിമ ഉത്തരവ് നൽകുന്ന തുകയിൽ കക്ഷി ഒടുക്കാതെ വരുന്ന തുക മാത്രമാണ് യഥാർത്ഥ കുടിശ്ശിക) അക്കൌണ്ടന്റ് ജനറൽ കണക്കെടുത്തതും എക്സൈസ് വകുപ്പിൽ കുടിശ്ശിക കണക്കാക്കിയപ്പോൾ കുടിശ്ശിക തുകയുടെ നാളിതുവരെയുള്ള പലിശകൂടി കണക്കുകൂട്ടിയതിലുണ്ടായ വ്യത്യാസം മൂലവുമാണ് നികുതി വകുപ്പും സി.എ.ജി. യും തിട്ടപ്പെടുത്തിയ തുകയിൽ വ്യത്യാസം ഉണ്ടായത്. |
| **ഡി)** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര കോടി രൂപയുടെ നികുതി പിരിവിന് സർക്കാർ തലത്തിൽ സ്റ്റേ കൊടുത്തിട്ടുണ്ട്? | **ഡി)** മോട്ടോർ വാഹന വകുപ്പിലും എക്സൈസ് വകുപ്പിലും രജിസ്ട്രേഷൻ വകുപ്പിലും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ തലത്തിൽ സ്റ്റേ നൽകിയിട്ടില്ല. വാണിജ്യ നികുതി വകുപ്പിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഏകദേശം 308 കോടി രൂപയുടെ സർക്കാർ സ്റ്റേ കൊടുത്തിട്ടുണ്ട്. (ഇൻസ്റ്റാൾമെന്റ് ഉൾപ്പെടെ)<br><br>മറ്റ് വകുപ്പുകളിൽ നിന്നും നൽകിയ സ്റ്റേ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ